## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3305 23/06/2014ൽ മറുപടിക്ക്

## പൊതു ഭരണത്തിൽ വ്യക്തിഗത പ്രവർത്തനം വിലയിരുത്തുന്നതിനുള്ള നടപടികൾ

| ചോദ്യം : | ഉത്തരം : |
|---|---|
| ശ്രീ. വി.ഡി.സതീശൻ<br>ശ്രീ. എം.എ.വാഹിദ്<br>ശ്രീ. സി.പി.മുഹമ്മദ്<br>ശ്രീ.റ്റി.എൻ.പ്രതാപൻ | ശ്രീ. ഉമ്മൻചാണ്ടി<br>മുഖ്യമന്ത്രി |
| (എ) പൊതു ഭരണത്തിൽ വ്യക്തിഗത പ്രവർത്തനം വിലയിരുത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ ; | (എ) സംസ്ഥാന സർക്കാർ ജീവനക്കാരുടെ വ്യക്തിഗത പ്രവർത്തനം വിലയിരുത്തു ന്നതിനായി വാർഷിക കോൺഫിഡൻഷ്യൽ റിപ്പോർട്ട് സമ്പ്രദായം നിലവിലുണ്ട്. ഈ സംവിധാനത്തിൽ റിപ്പോർട്ടിംഗ് ഓഫീസർമാർ തങ്ങളുടെ കീഴിൽ ജോലി ചെയ്യുന്ന, ഉയർന്ന തസ്തികയിലേക്ക് നിയമനത്തിന് തെരഞ്ഞെടുക്കലിലൂടെ അർഹരാകുന്ന ജീവനക്കാരുടെ വ്യക്തിഗത പ്രവർത്തനങ്ങൾ വിലയിരുത്തി വിശദാംശങ്ങൾ നിർദ്ദിഷ്ട ഫോറത്തിൽ രേഖപ്പെടുത്തി മേലധികാരിക്ക്/ റിവ്യൂവിംഗ് ഓഫീസർക്ക് സമർപ്പിക്കുകയും മേലധികാരി/റിവ്യൂവിംഗ് ഓഫീസർ പ്രസ്തുത റിപ്പോർട്ട് റിവ്യൂ ചെയ്യുകയും ചെയ്യുന്നു. ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ജീവനക്കാർക്ക് വ്യക്തിഗത പ്രവർത്തനം വിലയിരുത്തി പ്രൊമോഷൻ നൽകുന്നത്. |
| (ബി) ആയതിനായി ന്യായവും വിശ്വസ്തവുമായ മാനദണ്ഡം ആവിഷ്കരിക്കുന്ന കാര്യം ആലോചിക്കുമോ ; വിശദമാക്കുമോ; | (ബി)യും (സി)യും<br>കോൺഫിഡൻഷ്യൽ റിപ്പോർട്ട് ഫോറം പരിഷ്കരിക്കുന്ന കാര്യം സർക്കാർ പരിശോധിക്കുകയും തൽക്കാലം നിലവിലുള്ള രീതി തുടരുവാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) ആയതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്? | |

സെക്ഷൻ ഓഫീസർ